**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139** **02-02-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയിലെ ഡയറി ഇന്നവേഷൻ സോൺ പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** |
| (എ) | ക്ഷീര മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ കണ്ടെത്തി അവയ്ക്ക് സാങ്കേതികവിദ്യയിലൂടെ പരിഹാരം കണ്ടെത്തുന്നതിനായി ഡയറി ഇന്നവേഷൻ സോൺ എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; ഈ പദ്ധതിയിൽ കേരള സ്റ്റാർട്ടപ്പ് മിഷനെ സഹകരിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എന്തൊക്കെയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കാമോ; | (എ) | ഡയറി ഇന്നവേഷൻ സോൺ പദ്ധതിക്ക് ക്ഷീരവികസന വകുപ്പ് രൂപം കൊടുത്തിട്ടുണ്ട്. ടി പദ്ധതി ആരംഭിക്കുന്ന മുറയ്ക്ക് സ്റ്റാർട്ടപ്പ് മിഷനെ സഹകരിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.<br><br>ക്ഷീരമേഖലയിലെ വ്യത്യസ്തങ്ങളായ പ്രശ്ന ങ്ങളും, ന്യൂനതകളും മനസ്സിലാക്കി ആയതിനനുസരിച്ചുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നത് മേഖലയുടെ സമഗ്രമായ വളർച്ചയ്ക്ക് അത്യാവശ്യമാണ്. ആയതിനായി ഒരു പ്രത്യേക സംരംഭം ആരംഭിക്കുന്നത് ഉചിതമാണെന്ന് വകുപ്പിന് ബോധ്യപ്പെട്ടതിനാൽ പരിചയസമ്പത്തിൽ നിന്നും, ചിട്ടയായ ആസൂത്രണത്തിൽ നിന്നും കണ്ടെത്തിയ സംരംഭമാണ് ഡയറി ഇന്നവേഷൻ സോൺ എന്ന പദ്ധതി. ക്ഷീരമേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ കണ്ടെത്തി അവയ്ക്കുള്ള പരിഹാരം സാങ്കേതിക വിദ്യയിലൂടെ നടപ്പിലാക്കുന്ന തിനായിട്ടാണ് ഡയറി ഇന്നവേഷൻ സോൺ എന്ന പദ്ധതി വകുപ്പ് രൂപം കൊടുത്തിട്ടുള്ളത്. പുതിയ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സാങ്കേതിക വിദ്യയിലൂടെ ക്ഷീരമേഖലയിലെ നൂതന ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. |
| (ബി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷീര സംഘങ്ങളുടെ നില മെച്ചപ്പെടുത്തുന്നതിനായി സ്പെഷ്യൽ ബൂസ്റ്റർ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ ക്ഷീര സംഘം ജീവനക്കാരുടെ വേതനത്തിനായി മാനേജീരിയൽ സബ്സിഡി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ ക്ഷീര സംഘങ്ങളുടെ | (ബി) | ഉണ്ട്. സ്പെഷ്യൽ ബൂസ്റ്റർ പദ്ധതി പ്രകാരം ക്ഷീരസംഘത്തിലേ ജീവനക്കാർക്ക് മുടക്കം കൂടാതെ അവരുടെ വേതനത്തിന്റെ 50 ശതമാനം പരമാവധി 40000 രൂപ 10 മാസത്തേയ്ക്ക് നൽകുന്നതുമാണ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും പാൽസംഭരണത്തിൽ 250 ലിറ്ററിന് താഴെയുള്ളതുമായ 80 ക്ഷീരസംഘങ്ങളിലാണ് 2023-24 സാമ്പത്തിക വർഷം സ്പെഷ്യൽ പെർഫോമൻസ് |

| | | | |
|---|---|---|---|
| | പ്രവർത്തനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ? | | ബൂസ്റ്റർ പ്രോഗ്രാമിലൂടെ വകുപ്പ് നടപ്പിലാക്കുന്നത്. 1 കോടി 22 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്ന ഈ പദ്ധതിയിൽ ഗുണഭോക്താവായ ഒരു ക്ഷീരസംഘത്തിന് പരമാവധി 1,53,500 രൂപ ധനസഹായമായി അനുവദിക്കുന്നു. പ്രസ്തുത പദ്ധതിയിലൂടെ ക്ഷീരസംഘത്തിലെ പാൽ അളക്കുന്ന കർഷകർക്ക് പച്ചപ്പുൽ, വൈക്കോൽ , സൈലേജ്, ടി എം ആർ, മിനറൽ മിക്സ്ച്ചർ, ക്ലീൻ മിൽക്ക് പ്രോഡക്ഷൻ കിറ്റ് തുടങ്ങിയ ധനസഹായത്തോടെ നൽകി പാലുത്പാദനം വർദ്ധിപ്പിക്കുക എന്നതും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ ഉല്പാദകരിൽ നിന്നും ശുദ്ധമായ പാൽ സംഭരിക്കുന്നതിനും ഗുണഭോക്താക്കൾക്ക് ഗുണനിലവാരം ഉള്ള പാൽ വിതരണം ചെയ്യുന്നതിനും കഴിയുന്നതിലൂടെ സംഘത്തിന്റെ പ്രവർത്തനം അനുദിനം മെച്ച പ്പെടുന്നതിനും അതുവഴി സംഘത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും സഹായകരമാണ്. |

സെക്ഷൻ ഓഫീസർ